പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :5866 19.11.2019-ലെ മറുപടിക്ക്

## ബഹുനില ഫാക്ടറി സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.വി.കെ.പ്രശാന്ത്<br>ശ്രീ.പി. ഉണ്ണി | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കിൻഫ്ര നടത്തുന്ന പ്രവർത്തനത്തിന്റെ കാര്യക്ഷമത അവലോകനം ചെയ്തിരുന്നോ; | ചെയ്തിട്ടുണ്ട്. |
| (ബി) ബഹുനില ഫാക്ടറി സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | **(ബി)** അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചു വരുന്നു. ഇതു പ്രകാരം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന പുതിയ പദ്ധതികളാണ് കിൻഫ്ര നടപ്പിലാക്കി വരുന്നത്.<br>1. കൊരട്ടി പാർക്കിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം-(68000 ചതുരശ്ര അടി)-പൂർത്തീകരിച്ചു കഴിഞ്ഞു.<br>2. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം (രണ്ടാം ഘട്ട വികസനം)- (1 ലക്ഷം ചതുരശ്ര അടി)- 70 % പൂർത്തീകരിച്ചു കഴിഞ്ഞു.<br>3. രണ്ടാം ഘട്ട വികസനം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ-പാർക്ക് കഴക്കൂട്ടം,തിരുവനന്തപുരം-(2.3 ലക്ഷം ചതുരശ്ര |

| | |
|---|---|
| | അടി)-70 % പൂർത്തീകരിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ നിലവിലുള്ള ബഹുനില ഫാക്ടറി സമുച്ചയത്തിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>**പാർക്കുകൾ** — **ഭൂമി/ഫാക്ടറി കെട്ടിടം**<br>ചേർത്തല — 20000 sq.ft<br>കോഴിക്കോട് — 100000 sq.ft<br>കണ്ണൂർ — 128000 sq.ft<br>പാലക്കാട് — 37459 sq.ft<br><br>ഇത് കൂടാതെ പാലക്കാട് പാർക്കിൽ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 61000 sq.ft വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി സമുച്ചയത്തിന്റെ നിർമ്മാണം നടന്നു വരുന്നു.<br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള ബഹുനില ഫാക്ടറി സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br>1. ആലപ്പുഴ, പുന്നപ്ര വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം 50 % പൂർത്തിയായി.<br>2. തൃശ്ശൂർ, പുഴയ്ക്കൽപ്പാടം വ്യവസായ സുച്ചയം ഒന്നാംഘട്ട നിർമ്മാണ പുരോഗതി 80% പൂർത്തിയായി. രണ്ടാംഘട്ട നിർമ്മാണ പുരോഗതി 76 % പൂർത്തിയായി. |
| (സി) കാക്കനാട് സ്ഥാപിക്കുന്ന ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, ഒറ്റപ്പാലം ഡിഫെൻസ് പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക് തുടങ്ങിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | **(സി)**<br>**ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം**<br><br>സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക്സ് ക്ലസ്റ്ററിനു വേണ്ടിയുള്ള ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് അധിഷ്ഠിത വ്യവസായങ്ങൾക്ക വേണ്ടിയുള്ള ക്ലസ്റ്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാക്കനാട് 66.87 ഏക്കർ ഭൂമിയിലാണ് പ്രസ്തുത പദ്ധതി |

| | |
|---|---|
| | വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നത്. 140.01 കോടി രൂപയാണ് മൊത്തം പദ്ധതി ചെലവാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര ഇലക്ട്രോണിക്സ്, ഐ/ടി മന്ത്രാലയത്തിന്റെ 50 കോടി രൂപ ധനസഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. റോഡ്, ചുറ്റുമതിൽ, സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവയുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് വികസന പ്രവർത്തനങ്ങളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിന്റെ ആദ്യ ഗഡുവായ 10 കോടി രൂപ കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്. അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>**ഡിഫൻസ് പാർക്ക്, പാലക്കാട്**<br><br>പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കറിൽ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Modified Industrial Infrastructure Upgradation പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ഒരു ഡിഫൻസ് പാർക്ക് സ്ഥാപിച്ചുവരുന്നു. 130.94 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചിലവ്. ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതമായ 50 കോടി രൂപ ലഭിച്ചിട്ടുണ്ട്. പ്രതിരോധ മേഖലയിലുള്ള വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലവിതരണ സംവിധാനം, 27344 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 3 വെയർഹൗസുകൾ, 9066 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ യൂട്ടിലിറ്റി സെന്റർ, എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.കൂടാതെ, 266154 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 72406 ചതുരശ്ര അടി വിസ്തീർണ്ണമുള്ള |

| | |
|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തന്നെ അന്തിമഘട്ടത്തിലാണ്.<br><br>**<u>മെഗാഫുഡ് പാർക്ക്, പാലക്കാട്</u>**<br><br>കിൻഫ്ര ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാഫുഡ് പാർക്ക്. 79 ഏക്കറിൽ കിൻഫ്ര സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് 119.02 കോടിരൂപയാണ്. ഈ പദ്ധതിക്ക് 50 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിക്കും. ഇതിൽ 37.70 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ ധനസഹായം 6 കോടിരൂപയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, റൈപെനിംഗ് ചേംബർ, വെയർ ഹൗസ്, പായ്ക്ക് ഹൗസ്, സുഗന്ധവ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാരലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു.<br><br>പാർക്കിന്റെ 98% നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും വിവിധ സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 9 വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. ബഹുനില ഫാക്ടറികെട്ടിട സമുച്ചയത്തിന്റെ അലോട്ട്മെന്റ് നടപടികൾ ഉടൻ ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു. |

| | |
|---|---|
| (ഡി) ഈ സർക്കാരിന്റെ കാലത്ത് വിവിധ വ്യവസായ പാർക്കുകൾ സ്ഥാപിച്ച് എത്ര സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ആ പ്രോജക്ടുകൾ വഴി എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും അറിയിക്കാമോ? | **(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിൻഫ്രയുടെ വിവിധ പാർക്കുകളിലായി 262 വ്യവസായ സംരംഭർക്കും കെ.എസ്.ഐ.ഡി.സി-യുടെ വിവിധ പാർക്കുകളിലായി 50 സംരംഭകർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ കിൻഫ്രയിൽ 6700 തൊഴിലവസരങ്ങളും, കെ.എസ്.ഐ.ഡി.സി-യിൽ 1650 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. |

Shabna

**സെക്ഷൻ ഓഫീസർ**